# വൈഗ അന്തർദേശീയ ശില്പശാല ഇന്ന് ഗവർണ്ണർ ഉദ്ഘാടനം ചെയ്യും

Janayugom 27.12.17

തൃശൂർ: കാർഷിക മേഖലയിൽ നിന്ന് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനും വിപണനമേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന അന്തർദേശീയ ശിൽപശാലയും പ്രദർശനവും വൈഗ ഇന്ന് രാവിലെ 10.30ന് വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ ഗവർണർ പി സദാശിവം ഉദ്ഘാടനം ചെയ്യും.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുവാനാണ് ഡിസംബർ 31 വരെയുള്ള ശിൽപ്പശാലയിലൂടെ ഉദ്ദേശിക്കുന്നത്. ഉല്പന്നനിർമ്മാണം, യന്ത്രസാമഗ്രികൾ, സാമ്പത്തിക സഹായം, വിപണന മാർഗ്ഗങ്ങൾ, പാക്കേജിംഗ്, ലൈസൻസിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങി ഉല്പന്ന-നിർമ്മാണ-വിപണന ശൃംഖലയിലെ എല്ലാ ഘട്ടങ്ങളെക്കുറിച്ചുമുള്ള ശരിയായ അവബോധം സംരംഭകർക്കും കർഷകർക്കും ശില്പശാലയിലൂടെ ലഭിക്കും. ഉദ്ഘാടന ചടങ്ങിൽ കൃഷി വകുപ്പുമന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സിരവീന്ദ്രനാഥ്, മേയർ അജിത ജയരാജൻ, അഡ്വ. കെ രാജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് തുടങ്ങിയവർ പങ്കെടുക്കും. വിവിധ സെഷനുകളിൽ നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ, മന്ത്രിമാരായ കെടി ജലീൽ, ടിപി രാമകൃഷ്ണനൻ എന്നിവർ സംബന്ധിക്കും. ശില്പശാലയിൽ തായ്ലന്റ്, ശ്രീലങ്ക, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ പ്രതിനിധികളും ഉണ്ടാകും. യുവകർഷകർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുവാൻ ഡിസംബർ 30ന് യുവകർഷ സംരംഭക സംഗമം സംഘടിപ്പിക്കും. സ്കൂൾ വിദ്യാർത്ഥികളെ കൃഷിയോടു താല്പര്യമുള്ളവരാക്കാൻ വിവിധ കലാമത്സരങ്ങൾ സംഘടിപ്പിക്കും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കൂടാതെ, മൂല്യ വർദ്ധിത സാങ്കേതികവിദ്യ, കൃഷി ഉപകരണങ്ങൾ, ഉത്പന്നനിർമ്മാണ സാമഗ്രികൾ, നേഴ്സറികൾ തുടങ്ങിയവയുടെ പ്രദർശനവുമുണ്ട്. നാടൻ ഭക്ഷണശാലകൾ ഉൾപ്പെടെ 300 സ്റ്റാളുകളാണുള്ളത്. വൈകീട്ട് കലാസന്ധ്യയും ഒരുക്കിയിട്ടുണ്ട്.